**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4692** **19-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂഗർഭജല സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗ്രൗണ്ട് വാട്ടറിന്റെ അളവിൽ വർഷാവർഷം കുറവ് അനുഭവപ്പെടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ഒട്ടാകെ നിർമ്മിച്ചിരിക്കുന്ന 1350 നിരീക്ഷണ കിണറുകളിലൂടെ പ്രതിമാസ ഭൂജല വിതാന ഡാറ്റ ശേഖരിച്ചു വരുന്നു. തുറന്ന കിണറുകളിലെ ജലവിതാന ഡാറ്റായുടെ അടിസ്ഥാനത്തിൽ വേനൽ കാലത്ത് ജലവിതാനം താഴുന്നതായും തുടർന്നുള്ള മഴയിൽ ജല വിതാനം പൂർവ്വ സ്ഥിതിയിൽ ആകുന്നതുമായാണ് കണ്ട് വരുന്നത്. ജലവിതാനത്തിൽ പ്രകടമായതും സ്ഥായിയായതും ആയ കുറവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ഭൂജല വിതാനം ഉയർത്തുന്നതിനും സുസ്ഥിര ഭൂജല ലഭ്യത ഉറപ്പു വരുത്തുന്നതിനും, വകുപ്പിന്റെ പ്ലാൻ പദ്ധതിയായ ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൽ ഉൾപ്പെടുത്തി കൃത്രിമ ഭൂജല സംപോഷണ പ്രവൃത്തികൾ സംസ്ഥാനത്തൊട്ടാകെ വകുപ്പ് നടപ്പിലാക്കി വരുന്നു. ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ, ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ്ജ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും അപ്രകാരം മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/റീചാർജ്ജ് പിറ്റുകൾ/കുഴൽക്കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ വകുപ്പ് നടപ്പിലാക്കി വരികയും ചെയ്യുന്നു. ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച Ground Water estimation റിപ്പോർട്ട് പ്രകാരം ഗുരുതര, അർദ്ധ ഗുരുതര വിഭാഗത്തിൽ ഉൾപ്പെടുന്ന ബ്ലോക്കുകളിലെ ഭൂജല സംപോഷണ പദ്ധതികൾക്ക് വകുപ്പ് പ്രാധാന്യം നൽകി വരുന്നുണ്ട്. 2016 -17 മുതൽ 2023-24 വരെ ഭൂജല വകുപ്പ് 1051 എണ്ണം വിവിധ ഭൂജല സംപോഷണ പ്രവൃത്തികൾ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഭൂജല സുസ്ഥിരത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകി വരുന്ന വ്യാവസായിക/അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം നിരാക്ഷേപപത്ര വ്യവസ്ഥകളുടെ ഭാഗമായി നൽകുകയും ആയത് ഉറപ്പ് വരുത്തുകയും ചെയ്യുന്നു. |
| (ബി) | ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്ത് ഒട്ടാകെ നിർമ്മിച്ചിരിക്കുന്ന 1350 നിരീക്ഷണ കിണറുകളിലൂടെ പ്രതിമാസ ഭൂജല വിതാന ഡാറ്റ ശേഖരിച്ചു വരുന്നു. തുറന്ന കിണറുകളിലെ ജലവിതാന ഡാറ്റായുടെ അടിസ്ഥാനത്തിൽ വേനൽ കാലത്ത് ജലവിതാനം താഴുന്നതായും തുടർന്നുള്ള മഴയിൽ ജല വിതാനം പൂർവ്വ സ്ഥിതിയിൽ ആകുന്നതുമായാണ് കണ്ട് വരുന്നത്. ജലവിതാനത്തിൽ പ്രകടമായതും സ്ഥായിയായതും ആയ കുറവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ഭൂജല വിതാനം ഉയർത്തുന്നതിനും സുസ്ഥിര ഭൂജല ലഭ്യത ഉറപ്പ് വരുത്തുന്നതിനും, വകുപ്പിന്റെ പ്ലാൻ പദ്ധതിയായ ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൽ ഉൾപ്പെടുത്തി കൃത്രിമ ഭൂജല സംപോഷണ പ്രവൃത്തികൾ സംസ്ഥാനത്തൊട്ടാകെ വകുപ്പ് നടപ്പിലാക്കി വരുന്നു. ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ, ശാസ്ത്രീയമായ പഠനങ്ങൾ നടത്തി പ്രദേശത്തിന് അനുയോജ്യമായ രീതിയിൽ റീചാർജ്ജ് പദ്ധതികൾക്കുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുകയും അപ്രകാരം മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/റീചാർജ്ജ് പിറ്റുകൾ/കുഴൽക്കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം, ചെറിയ തടയണയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ വകുപ്പ് നടപ്പിലാക്കി വരികയും ചെയ്യുന്നു. ഭൂജല സമ്പത്തിന്റെ കണക്കെടുപ്പ് സംബന്ധിച്ച Ground Water estimation റിപ്പോർട്ട് പ്രകാരം ഗുരുതര, അർദ്ധ ഗുരുതര വിഭാഗത്തിൽ ഉൾപ്പെടുന്ന ബ്ലോക്കുകളിലെ ഭൂജല സംപോഷണ പദ്ധതികൾക്ക് വകുപ്പ് പ്രാധാന്യം നൽകി വരുന്നുണ്ട്. 2016 -17 മുതൽ 2023-24 വരെ ഭൂജല വകുപ്പ് 1051 എണ്ണം വിവിധ ഭൂജല സംപോഷണ പ്രവൃത്തികൾ ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഭൂജല സുസ്ഥിരത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന ഭൂജല അതോറിറ്റി നിരാക്ഷേപപത്രം നൽകി വരുന്ന വ്യാവസായിക/അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നിരാക്ഷേപപത്ര വ്യവസ്ഥകളുടെ ഭാഗമായി നൽകുകയും ആയതു ഉറപ്പു വരുത്തുകയും ചെയ്യുന്നു. |
| (സി) | മഴവെള്ളം ഉപയോഗയോഗ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | മഴവെള്ളം ഉപയോഗ യോഗ്യമാക്കുന്നതിനായി വകുപ്പിന്റെ പ്ലാൻ പദ്ധതിയായ ഭൂജല സംരക്ഷണവും സംപോഷണവും പദ്ധതിയിൽ ഉൾപ്പെടുത്തി, മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ/റീചാർജ്ജ് പിറ്റുകൾ/കുഴൽക്കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണ പ്രവൃത്തികൾ വകുപ്പ് നടപ്പിലാക്കി വരുന്നു .<br><br>ഗാർഹിക കിണറുകളെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്ന പദ്ധതിയുടെ ഭാഗമായി വീടുകളുടെ മേൽക്കൂരയിൽ പെയ്തിറങ്ങുന്ന മഴവെള്ളം ശാസ്ത്രീയമായി ശേഖരിച്ച് ശുദ്ധീകരിച്ച് കിണറുകളിലേയ്ക്ക് ഒഴുക്കി വിടുന്നതുമൂലം കിണറുകളിലെ ജലവിതാനം ഉയരുകയും, ആയതുമൂലം ഭൂഗർഭജലത്തിന്റെ അളവിൽ വർദ്ധനവ് ഉണ്ടാകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ